## കേരള സംസ്ഥാന വൈദ്യുതി
## റഗുലേറ്ററി കമ്മീഷൻ

# 2014-ലെ കേരള സംസ്ഥാന
# വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിധി
# (ഭേദഗതി) ചട്ടങ്ങൾ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം സർക്കാർ മുദ്രനിർമ്മാണശാലയിൽ അച്ചടിച്ചത്-2022.

കേരള സർക്കാർ

ഊർജ്ജ (എ) വകുപ്പ്

**വിജ്ഞാപനം***

**സ.ഉ.(അച്ചടി)നമ്പർ 15/2014/പിഡി.** തിരുവനന്തപുരം 2014 മേയ് 20
1189 ഇടവം 6

എസ്. ആർ. ഒ. നമ്പർ. 330/2014.—2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്) 180-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ജി) ഖണ്ഡം 103-ാം വകുപ്പ് (1)-ഉം (3)-ഉം ഉപവകുപ്പുകളുമായി കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചും ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലുമായി കൂടിയാലോചിച്ചും 2013-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിധി ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് കേരള സർക്കാർ, ഇതിനാൽ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2014-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിധി (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാവുന്നതാണ്.

(2) ഇവ 2013 ഏപ്രിൽ 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2013-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിധി ചട്ടങ്ങളിൽ, അനുബന്ധം II-നും അതിന് താഴെയുള്ള കുറിപ്പുകൾക്കും ശേഷം താഴെപ്പറയുന്ന അനുബന്ധം എ-ഉം അനുബന്ധം ബി-ഉം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

അനുബന്ധം എ

കെ.എസ്.ഇ.ആർ.സി. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റുകളും അതിലേക്കുള്ള വിശദീകരണ മെമ്മോറാണ്ടവും സമർപ്പിക്കേണ്ടതായ വിശദമായ അക്കൗണ്ട് ഹെഡ്ഡുകൾ (വിവരണത്തോടുകൂടിയത്)

| *അക്കൗണ്ട് കോഡ്* | *വിവരണം* |
|---|---|
| (1) | (2) |
| റവന്യൂ | |
| 2 | ഫീസും ചാർജുകളും |
| 2.1 | ഫീസ് |
| 2.2 | ചാർജുകൾ |
| 2.3 | പിഴകൾ |
| | മൊത്തം |
| 2.4 | മറ്റുള്ളവ (വ്യക്തമാക്കുക) |
| | ആകെ മൊത്തം |
| 3 | ഗ്രാന്റുകൾ |
| 3.1 | സർക്കാരിൽ നിന്നും |
| 3.2 | മറ്റുള്ളവയിൽ നിന്നും |
| | മൊത്തം |
| | ഗിഫ്റ്റുകൾ |

* 2014 മേയ് 31-ാം തീയതിയിലെ 1384-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2014 മേയ് 20-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 15/2014/പിഡി. വിജ്ഞാപനപ്രകാരം പ്രസിദ്ധപ്പെടുത്തി.

| (1) | (2) |
|---|---|
| 5 | സെമിനാറുകളും കോൺഫറൻസുകളും |
| 6 | പ്രസിദ്ധീകരണങ്ങളുടെ വിൽപ്പന |
| 7 | മുതൽമുടക്കുകളിന്മേലും നിക്ഷേപങ്ങളിന്മേലും ഉള്ള വരുമാനം |
| 7.1 | മുതൽമുടക്കുകളിന്മേലുള്ള വരുമാനം |
| 7.2 | നിക്ഷേപങ്ങളിന്മേലുള്ള വരുമാനം |
| 8 | വായ്പകൾ |
| 8.1 | സർക്കാരിൽ നിന്നുള്ളവ |
| 8.2 | മറ്റുള്ളവയിൽ നിന്നുള്ളവ (വ്യക്തമാക്കുക) |
| 9 | ആസ്തികളുടെ വിൽപ്പന |
| 10 | മുതൽമുടക്കുകളുടെ വിൽപ്പന |
| 11 | ശമ്പള ബില്ലുകളിൽനിന്നുള്ള ഈടാക്കലുകൾ |
| 11.1 | വായ്പകളുടെയും അഡ്വാൻസുകളുടെയും മുതൽതുക |
| 11.2 | വായ്പകളിന്മേലും അഡ്വാൻസുകളിന്മേലുമുള്ള പലിശ |
| 12 | പലവക വരുമാനം |
| 12.1 | ആസ്തികളുടെ വിൽപ്പനയിന്മേലുള്ള നേട്ടം |
| 12.2 | മറ്റേതെങ്കിലും (വ്യക്തമാക്കുക) |
| ചെലവ് | |
| 13 | ചെയർപേഴ്സണും അംഗങ്ങളും |
| 13.1 | ശമ്പളവും ബത്തകളും |
| 13.2 | മറ്റ് ആനുകൂല്യങ്ങൾ |
| 13.3 | യാത്രാചെലവുകൾ |
| 13.3.1 | വിദേശത്തേയ്ക്കുള്ളത് |
| 13.3.2 | ആഭ്യന്തരം |
| 14 | ഉദ്യോഗസ്ഥർ |
| 14.1 | ശമ്പളവും ബത്തകളും |
| 14.2 | റിട്ടയർമെന്റ് ആനുകൂല്യങ്ങൾ |
| 14.3 | മറ്റ് ആനുകൂല്യങ്ങൾ |
| 14.4 | യാത്രാചെലവുകൾ |
| 14.4.1 | വിദേശത്തേയ്ക്കുള്ളത് |
| 14.4.2 | ആഭ്യന്തരം |
| 15 | സ്റ്റാഫ് |
| 15.1 | ശമ്പളവും ബത്തകളും |
| 15.2 | റിട്ടയർമെന്റ് ആനുകൂല്യങ്ങൾ |
| 15.3 | മറ്റ് ആനുകൂല്യങ്ങൾ |
| 15.4 | യാത്രാചെലവുകൾ |
| 15.4.1 | വിദേശത്തേയ്ക്കുള്ളത് |
| 15.4.2 | ആഭ്യന്തരം |

| (1) | (2) |
|---|---|
| 16 | വാഹനങ്ങളുടെ വാടക |
| 17 | വേതനങ്ങൾ |
| 18 | ഓവർടൈം |
| 19 | ഓണറേറിയം |
| 20 | മറ്റ് ഓഫീസ് ചെലവുകൾ |
| 21 | ഗവേഷണത്തിന്മേലുള്ള ചെലവ് |
| 22 | കൺസൾട്ടേഷൻ ഫീസ് |
| 23 | സെമിനാറുകളും കോൺഫറൻസുകളും |
| 24 | കെ.എസ്.ഇ.ആർ.സി.-യുടെ പ്രസിദ്ധീകരണങ്ങൾ |
| 25 | വാടകയും നികുതികളും |
| 26 | വായ്പകളിന്മേലുള്ള പലിശ |
| 27 | പ്രമോഷണൽ ചെലവുകൾ |
| 28 | അംഗത്വ ഫീസ് |
| 29 | വരിസംഖ്യ |
| 30 | സ്ഥിരം ആസ്തികളുടെ വിലയ്ക്കുവാങ്ങൽ |
| 31 | മുതൽമുടക്കുകളും നിക്ഷേപങ്ങളും |
| 31.1 | മുതൽമുടക്കുകൾ |
| 31.2 | നിക്ഷേപങ്ങൾ |
| 32 | സെക്യൂരിറ്റി നിക്ഷേപങ്ങൾ |
| 33 | വായ്പകളും അഡ്വാൻസുകളും |
| 33.1 | ജീവനക്കാർക്കുള്ളത് |
| 33.1.1 | പലിശവഹിക്കുന്നത് |
| 33.1.2 | പലിശവഹിക്കാത്തത് |
| 33.2 | വിതരണക്കാർക്കും കരാറുകാർക്കുമുള്ളത് |
| 33.3 | മറ്റുള്ളവർക്ക് (വ്യക്തമാക്കുക) |
| 34 | വായ്പകളുടെ തിരിച്ചടവ് |
| 35 | മറ്റുള്ളവ |
| 35.1 | അവധി ശമ്പളവും പെൻഷൻ വിഹിതവും |
| 35.2 | ആഡിറ്റ് ഫീസ് |
| 35.3 | പലവക |
| 36 | വിവരണം |
| 37 | ആസ്തികളുടെ വിൽപ്പനയിന്മേലുള്ള നഷ്ടം |
| 38 | എഴുതിത്തള്ളിയ കിട്ടാക്കടം |
| 39 | കിട്ടാക്കടങ്ങൾക്കും സംശയാസ്പദമായ കടങ്ങൾക്കും ഉള്ള വ്യവസ്ഥ |
| | മൊത്തം |

അനുബന്ധം ബി

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ആർഇ/ബിഇ സ്റ്റേറ്റ്മെന്റുകളുടെ വിശദീകരണ മെമ്മോറാണ്ടം

1. മുൻവർഷത്തെ, സ്ഥാപനത്തിന്റെ യഥാർത്ഥ അംഗബലവും അതിനുള്ള ചെലവും ഉൾപ്പെടെ സ്ഥാപനത്തിന്റെ ഗ്രേഡ് തിരിച്ചുള്ള വിശദവിവരങ്ങൾ, എസ്റ്റിമേറ്റുകളിൽ അതിനുവേണ്ടി ആവശ്യപ്പെട്ട വിഹിതം സഹിതം, കാണിക്കുന്ന സ്റ്റേറ്റ്മെന്റ്

2. 5 ലക്ഷം രൂപയിൽ കവിയുന്ന ചെലവുള്ള വ്യക്തിഗത പ്രോജക്ടുകളുടെ/കൺസൾട്ടൻസികളുടെ ഒറിജിനൽ ചെലവ്, പുതുക്കലുകൾ ഏതെങ്കിലുമുണ്ടെങ്കിൽ അവ, ബഡ്ജറ്റ് ഗ്രാന്റുകളിൽ പ്രോജക്ടിനു വേണ്ടി ആവശ്യപ്പെട്ട വിഹിതം എന്നിവ സൂചിപ്പിക്കുന്ന എസ്റ്റിമേറ്റുകൾ

3. ബഡ്ജറ്റിലെ/പുതുക്കിയ എസ്റ്റിമേറ്റുകളിലെ വിദേശ വിനിമയ ഘടകത്തിന്റെ വിശദാംശങ്ങൾ

4. ബഡ്ജറ്റ്വർഷത്തെയും മുൻവർഷത്തെയും റവന്യൂ വരവിന്റെ എസ്റ്റിമേറ്റുകൾ

5. ബഡ്ജറ്റ്വർഷത്തേയ്ക്കും, മുൻവർഷത്തേയ്ക്കും ഉള്ള കെ.എസ്.ഇ.ആർ.സി.-യുടെ ധനപരമായ ഫലങ്ങൾ കാണിക്കുന്ന സ്റ്റേറ്റ്മെന്റ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

എം. ശിവശങ്കർ,

*സർക്കാർ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 ഏപ്രിൽ 25-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 20/2013/പിഡി. പ്രകാരം പുറപ്പെടുവിച്ചതും എസ്.ആർ.ഒ.നമ്പർ 382/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തിൽ അനുബന്ധങ്ങൾ എ-ഉം ബി-ഉം ഉൾപ്പെടുത്തിയിരുന്നില്ല. അത് പരിഹരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

(ശരിത്തർജ്ജമ)

*കുറിപ്പ്:*—ഈ മലയാള പരിഭാഷയും 2014 മേയ് 31-ാം തീയതിയിലെ 1384-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2014 മേയ് 20-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 15/2014/പിഡി. വിജ്ഞാപനപ്രകാരം പ്രസിദ്ധപ്പെടുത്തിയ ഇംഗ്ലീഷിലുള്ള Kerala State Electricity Regulatory Commission Fund (Amendment) Rules, 2014-ഉം തമ്മിൽ വ്യത്യസ്ത വ്യാഖ്യാനങ്ങൾക്ക് കാരണമാകുന്നപക്ഷം പരാമർശിച്ച ഇംഗ്ലീഷിലുള്ള ചട്ടങ്ങൾ ആധികാരിക പാഠമായി കരുതപ്പെടേണ്ടതാണ്.

---